സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**പുറത്തെഴുത്ത് കത്ത്നം.എച്ച്(1)30597/2018/ഡി.പി.ഐ.** പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
തീയതി : 26..04..2018..

അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2018-19 അധ്യയന വർഷം 2 മുതൽ 10 വരെ ക്ലാസ്സുകളിൽ പൊതു വിദ്യാലയങ്ങളിൽ തുടർപഠനം സാധ്യമാക്കുന്നതിനുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും പ്രധാനാധ്യാപകർക്കും അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയയറക്ടർമാർക്കും
2. എല്ലാ ജില്ലാ /ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എല്ലാ പ്രധാനാധ്യാപകർക്കും (ജില്ലാ /ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം)
4. സ്റ്റോക്ക് ഫയൽ.

എസ്/ഇ/30/4

31545

H1

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്-പൊതുവിദ്യാഭ്യാസ വകുപ്പ് -05.04.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1327/2018/പൊവിവ - പിഴതിരുത്ത് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ.(സാധാ) നം./1490/2018/പൊ.വി.വ**

തീയതി,തിരുവനന്തപുരം, 18/04/2018

പരാമർശം:- 05.04.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം.1327/2018/പൊവിവ

**<u>ഉത്തരവ്</u>**

പരാമർശത്തിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിരുന്ന '1മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് തുടർപഠനം സാധ്യമാക്കുന്നതിനായി അംഗീകാരമുള്ള സ്കൂളിൽ ഒരു പ്രവേശന പരീക്ഷ നടത്തി 2 മുതൽ 10 വരെ ക്ലാസ്സുകളിൽ വയസ്സ് അടിസ്ഥാനത്തിൽ ഈ അദ്ധ്യയന വർഷത്തേയ്ക്കു മാത്രം പ്രവേശനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു' എന്നത് '1മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് തുടർപഠനം സാധ്യമാക്കുന്നതിനായി 2 മുതൽ 8 വരെ ക്ലാസ്സുകളിൽ വിദ്യാഭ്യാസാവകാശ നിയമ പ്രകാരം വയസ്സ് അടിസ്ഥാനത്തിലും, 9,10 ക്ലാസ്സുകളിൽ വയസ്സ്, പ്രവേശന പരീക്ഷ എന്നിവയുടെ അടിസ്ഥാനത്തിലും സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഈ അദ്ധ്യയന വർഷത്തേയ്ക്കു മാത്രം പ്രവേശനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ' എന്ന് തിരുത്ത് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശിത സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്..

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീലാൽ.റ്റി.വി.**

**അണ്ടർ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ഡി.പി. ഐ മുഖാന്തിരം)

ഡയറക്ടർ,ഐ.റ്റി@സ്കൂൾ (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)